## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4750** — **02-07-2024 - ൽ മറുപടിയ്ക്ക്**

### മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടയിൽ സംസ്ഥാനത്ത് നിന്നുള്ള എത്ര മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്; എത്ര മത്സ്യത്തൊഴിലാളികൾ തിരിച്ചെത്തിയിട്ടുണ്ട്; എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഇനിയും കണ്ടെത്താൻ കഴിയാത്ത എത്രപേരുണ്ട്; വിശദാംശം ജില്ലതിരിച്ച് വ്യക്തമാക്കുമോ? | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മത്സ്യബന്ധനത്തിനിടയിൽ സംസ്ഥാനത്ത് നിന്നും കാണാതായ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>110 രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ സംസ്ഥാനത്ത് നിന്ന് കാണാതായിട്ടുണ്ട്. ഇവർ ആരും ഇതുവരെ തിരിച്ചെത്തിയിട്ടില്ല. കാണാതാകുന്നവരുടെ കേസുകളിൽ അവർ മരണപ്പെട്ടതായി കണക്കാക്കുന്നതിന് 7 വർഷം കഴിയണമെന്ന നിയമം നിലനിൽക്കുന്നതിനാൽ മരണപ്പെട്ടതായും കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ജില്ല | മത്സ്യബന്ധനത്തിനിടെ<br><br>കാണാതായവർ |
|---|---|
| തിരുവനന്തപുരം | 100 (ഓഖി ദുരന്തത്തിൽ കാണാതായ 94 മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ) |
| കൊല്ലം | 3 |
| ആലപ്പുഴ | 2 |
| എറണാകുളം | 1 |
| കോഴിക്കോട് | 1 |
| മലപ്പുറം | 2 |
| കണ്ണൂർ | 1 |
| ആകെ | 110 |